**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2466** **23-02-2026-ൽ മറുപടിയ്ക്ക്**

**ആംനസ്റ്റി പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി വാണിജ്യ നികുതി കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ചതെന്നാണെന്ന് വിശദമാക്കുമോ;

**മറുപടി:** ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി വാണിജ്യ നികുതി കുടിശ്ശിക തീർപ്പാക്കുന്നതിന് വിവിധ കാലഘട്ടങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

ഇതിൽ ഏറ്റവും പുതിയതായി, ജി.എസ്.ടി. നിയമം നടപ്പിലാക്കുന്നതിന് മുൻപ് ഉണ്ടായിരുന്ന നിയമങ്ങളുമായി ബന്ധപ്പെട്ട കുടിശ്ശിക തീർപ്പാക്കുന്നതിനായി, 2025 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 'ജനറൽ ആംനസ്റ്റി സ്കീം 2025' അവതരിപ്പിച്ചിരുന്നു. 2025 ഏപ്രിൽ 1-ാം തീയതി ആരംഭിച്ച ടി പദ്ധതിയുടെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 2025 ജൂൺ മാസം 30-ാം തീയതി അവസാനിച്ചു.

**(ബി)** ഈ കാലയളവിൽ എത്രപേർ പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ജനറൽ ആംനസ്റ്റി, 2025 പ്രകാരം, 2083 അപേക്ഷകൾ ലഭിക്കുകയും ആയതിൽ 1224 പേരുടെ അപേക്ഷകൾ അംഗീകരിക്കുകയും 572 പേരുടെ അപേക്ഷകൾ നിരസിക്കുകയും ചെയ്തു. ബാക്കിയുള്ള അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** കോടതി വ്യവഹാരങ്ങളിലുള്ള കുടിശ്ശികകൾ തീർക്കുന്നതിന് ഈ കാലയളവിൽ പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്താമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ എത്ര പേർ പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**മറുപടി:** കോടതി വ്യവഹാരങ്ങളിലുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുത്താനുള്ള പ്രൊവിഷൻ പ്രസ്തുത ആംനസ്റ്റി സ്കീമിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. വ്യവഹാരങ്ങളിലുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ജനറൽ ആംനസ്റ്റി, 2025 പദ്ധതി പ്രകാരം 193 അപേക്ഷകൾ [ജോയിന്റ് കമ്മീഷണർ (അപ്പീൽസ്) മുൻപാകെയുള്ള വ്യവഹാരവുമായി ബന്ധപ്പെട്ട് 49 അപേക്ഷകൾ, അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെയുള്ള വ്യവഹാരവുമായി ബന്ധപ്പെട്ട 66 അപേക്ഷകൾ, കോടതി വ്യവഹാരത്തിലിരുന്ന 78 അപേക്ഷകൾ] ലഭിച്ചിരുന്നു.

ആയതിൽ 145 അപേക്ഷകൾ [ജോയിന്റ് കമ്മീഷണർ (അപ്പീൽസ്) : 28, അപ്പലേറ്റ് ട്രിബ്യൂണൽ : 53, കോടതി : 64] അംഗീകരിക്കുകയും 48 അപേക്ഷകൾ [ജോയിന്റ് കമ്മീഷണർ (അപ്പീൽസ്) : 21, അപ്പലേറ്റ് ട്രിബ്യൂണൽ : 13, കോടതി : 14] നിരസിക്കുകയും ചെയ്തിട്ടുണ്ട്.

**(ഡി)** ഉദ്യോഗസ്ഥർ ഇത്തരം കോടതി വ്യവഹാരങ്ങളിലുള്ള നികുതി കുടിശ്ശിക ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഇ)** പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** പ്രസ്തുത പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**